©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2026 മേയ് 26
26th May 2026
1201 ഇടവം 12
12th Idavam 1201
1948 ജ്യേഷ്ഠം 5
5th Jyaishta 1948

നമ്പർ
No.
1679

കേരള പബ്ലിക് സർവ്വിസ് കമ്മിഷൻ

വിജ്ഞാപനം

നമ്പർ : A5-2/29/2020-KPSC തിരുവനന്തപുരം, 2026 മേയ് 25

പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന സാഹചര്യം പരിഗണിച്ച് ഇപ്പോൾ (20.05.2026 മുതൽ) നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽ ഇതുവരെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ലാത്തതും, 2026 ആഗസ്റ്റ് 31 നകം കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി 2026 നവംബർ 30 വരെ ദീർഘിപ്പിക്കണമെന്ന് 20.05.2026 തീയതിയിലെ റ്റൾ സി3/106/2026/പി&എആർഡി നമ്പർ കത്ത് മുഖേന സർക്കാർ കേരള പബ്ലിക് സർവീസ് കമ്മീഷനോട് ശിപാർശ ചെയ്തിരുന്നു.

സർക്കാർ ശിപാർശ കമ്മീഷൻ വിശദമായി പരിശോധിക്കുകയും, ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, 25.05.2026 തീയതിയിൽ നിലവിലുള്ളതും, 31.08.2026 തീയതി വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ റാങ്ക് പട്ടികകളുടെ കാലാവധി, കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജ്യർ റൂൾ 13-ലെ അഞ്ചാം പ്രൊവൈസോ പ്രകാരം 30.11.2026 തീയതി വരെ ദീർഘിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1) ഈ കാലയളവിൽ ഏതെങ്കിലും റാങ്ക് പട്ടിക അതിന്റെ പരമാവധി കാലാവധിയായ നാലര വർഷം പൂർത്തിയാക്കുന്ന പക്ഷം, പ്രസ്തുത പട്ടികയുടെ പ്രാബല്യം നാലര വർഷത്തെ കാലാവധി പൂർത്തിയാക്കുന്ന തീയതിയിൽ അവസാനിക്കുന്നതായിരിക്കും.

2) 01.09.2026 തീയതി മുതൽ കാലാവധി അവസാനിക്കുന്ന റാങ്ക് പട്ടികകൾക്ക് മേൽപ്പറഞ്ഞ കാലാവധി ദീർഘിപ്പിക്കൽ ബാധകമല്ല.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

ഹരി ആർ,
സെക്രട്ടറി (i/c),
കേരള പബ്ലിക് സർവീസ് കമ്മീഷൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KERALA PUBLIC SERVICE COMMISSION
NOTIFICATION

No. A5-2/29/2020-KPSC Thiruvananthapuram, 25th May 2026

The Government vide their letter no. Rule C3/106/2026/P&ARD dated 20.05.2026 had proposed the Kerala Public Service Commission to extend the period of validity of all the ranked lists which were then in force (from 20.05.2026) and due to expire within 31.08.2026, and which were not already extended, up to 30.11.2026, considering the circumstances that existed due to the General Election.

The Commission have examined the Government proposal in detail and by invoking the proviso 5 to Rule 13 of the Kerala Public Service Commission Rules of Procedure, resolved to extend the validity of the ranked lists in force on 25.05.2026 and expiring within 31.08.2026, up to 30.11.2026, subject to the following conditions.

1) During this period, if any ranked list completes its maximum validity period of 4½ years, it shall cease to be in force on the date on which it completes 4½ years of validity.

2) The extension shall not be applicable to the ranked lists which are due to expire from 01.09.2026.

(By Order of the Commission)

HARI .R
SECRETARY (i/c),
KERALA PUBLIC SERVICE COMMISSION

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.26 07:13:20 +05:30